# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 31** **February 2017** **No.11**

## എഡിറ്റോറിയൽ

രാഷ്ട്രീയമോ സാംസ്ക്കാരികമോ മതപരമോ ആയ കാര്യങ്ങൾക്ക് യാതൊന്നിനും വാസ്തവത്തിൽ നിയമ ലംഘനം ആശാസ്യമല്ല. പ്രത്യേകിച്ച് നിയമലംഘനം നടത്തി മതപരമായ കാര്യങ്ങൾ ചെയ്യുന്നവർ അതിൽ നിന്നു എന്തു നേടുന്നു എന്ന് അവർ തിരിച്ചറിയുന്നില്ല. സ്വാർത്ഥതയോ കാപട്യമോ ദൈവം ഇഷ്ടപ്പെടാത്ത മനോഭാവങ്ങളാണ്. ഭൗതികമായ കാര്യമാണെങ്കിലും നിയമത്തെ ലംഘിച്ച് ചെയ്യുകയാണെങ്കിൽ അതിന് അവർ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല എന്നു മാത്രമല്ല, ഒടുവിൽ അവർ പരിഹാസ്യമാകും എന്ന് തീർച്ചയാണ്. അടിസ്ഥാനമായി നിയമം എല്ലാവർക്കും തുല്യതയും നീതിയും ന്യായവും പുലർത്തുവാനായി നൽകിയിരിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ നന്മക്കായിട്ടാണ് എല്ലാ നിയമവും രൂപപ്പെടുത്തിയിരിക്കുന്നത്. അതിനെതിരായി പ്രവർത്തിക്കുന്നവർ സഹമനുഷ്യരെ കുറിച്ച് കരുതാത്തവരാണ്. വാസ്തവത്തിൽ അവർ ദൈവത്തിനെതിരായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് മനസിലാക്കണം.

ഒരു രാജ്യത്തിലെ പ്രജകൾ ആ രാജ്യത്തിലെ നിയമങ്ങൾ അനുസരിക്കുവാൻ ബാധ്യസ്ഥരാണ്. അതൊടൊപ്പം അത് ദൈവേഷ്ടമാണോ എന്നു പരിശോധിക്കയും വേണം. ദൈവനിയമത്തിനെതിരായി ഏതെങ്കിലും രാജ്യത്തെ ഭരണാധികാരി നിയമം ഉണ്ടാക്കിയാൽ അത് ദൈവത്തിനെതിരാണ്. അത് അവിടെയുള്ള പൗരന്മാർ അനുസരിച്ചില്ലെങ്കിലും ദൈവസന്നിധിയിൽ അതു കുറ്റമായി ദൈവം കണക്കിടുകയില്ല. അതിന് ഭൗതികമായ ശിക്ഷ അനുഭവിക്കേണ്ടി വന്നാലും നാം നിരാശരാകരുത്. അത് സഹിക്കുവാൻ തയ്യാറാകണം.

കാരണം അത് ദൈവമുൻപാകെ പ്രസാദകരമാണ്.ഏതു മനുഷ്യനും ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്യുന്ന ഏതൊരു പ്രവർത്തിക്കും ദൈവത്തോടു കണക്കു കൊടുക്കണം. ലോകത്തിൽ പരമാധികാരി ദൈവമാണ്. ഭരണാധികാരികളെ ആ സ്ഥാനങ്ങളിൽ വെച്ചിരിക്കുന്നത് ദൈവമാണ്. അതു മൂലം അവർ ദൈവത്തെയും മനുഷ്യരെയുമാണ് സേവിക്കുന്നത്. സകലത്തെയും സൃഷ്ടിച്ച ദൈവത്തിന്റെ നിയന്ത്രണത്തിലാണ് എല്ലാവരും. ആ കാര്യം ആരും വിസ്മരിക്കരുത്.

വ്യക്തികളായി ജീവിക്കുന്ന പുരുഷന്മാരും സ്ത്രീകളും അവരവരുടെ ഉത്തരവാദിത്തങ്ങൾ ഭംഗിയായി നിർവ്വഹിക്കുമ്പോഴാണ് സമൂഹം നന്നാകുന്നത്. മതപരമായി വിശ്വാസികളായ ഓരോരുത്തരും മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കണം. മതപരമായി ഉന്നത സ്ഥാനങ്ങളിലിരിക്കുന്നവർ സാധാരണക്കാർക്കും അവിശ്വാസികൾക്കും മാതൃക കാണിച്ചുകൊടുക്കണം. റോഡരികിൽ കുരിശ് കുഴിച്ചിട്ട്, അജ്ഞരായ ആളുകളെ അത് കാണിച്ച് അത് അത്ഭുതകുരിശാണെന്ന് വരുത്തി തീർത്ത് ആളുകളെ അവിടേക്ക് ആകർഷിക്കുന്നതും. സർക്കാരിന്റെ സ്ഥലം കയ്യേറി അവിടെ കുരിശും പള്ളിയും സ്ഥാപിച്ച് ആളുകളെ അവിടേക്കു ആകർഷിക്കുന്നതും ഭൗതികമായി അവർക്ക് നേട്ടം ഉണ്ടാക്കിയേക്കാം. പക്ഷെ അത് ദൈവത്തിന് പ്രസാദകര മാകുകയില്ല എന്നു മാത്രമല്ല. സമുഹത്തിൽ സൽപ്പേർ നഷ്ടമാക്കുക തന്നെ ചേയ്യും. ദൈവമോ, യേശുക്രിസ്തുവോ, അവന്റെ അപ്പൊസ്തലന്മാരോ ആദ്യ ക്രിസ്ത്യാനികളോ ക്രൂശ് സ്ഥാപിക്കുകയോ പള്ളി സ്ഥാപിക്കുകയോ ചെയ്തില്ല എന്ന കാര്യം നാം ഓർക്കണം.

സത്യ ക്രിസ്തീയ ജീവിതം തികച്ചും ആത്മികമായിരിക്കണം. ആത്മാവിന്റെ രക്ഷക്കായിരുന്നു യേശു പഠിപ്പിച്ചതും പ്രവർത്തിച്ചതു മെല്ലാം. നിങ്ങളും ഞാനും ഈ ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ ക്രിസ്തുവിൽ വിശ്വസിക്കുന്നു എങ്കിൽ അവന്റ ഉപദേശവും കൽപനകളും പാലിക്കണം. യേശുവിനെ അനുഗമിക്കുന്നു എന്നു പറയുകയും അവന്റെ ഉപദേശം ജീവിതത്തിൽ ഇല്ലാതിരിക്കുകയും ചെയ്താൽ ഒരു പ്രയോജനവുമില്ല. യേശുവിന്റെ പേരിലോ അവന്റെ ക്രൂശിന്റെ പേരിലോ അതുമല്ലെങ്കിൽ അവനെ പ്രസാദിപ്പിക്കുവാനെന്ന പേരിലോ എന്തു ചെയ്താലും അത് ദൈവ വചനത്തിന് വിരുദ്ധമാണെങ്കിൽ അതിന് വിപരീതഫലമായിരിക്കും ലഭിക്കുക. ആത്മാവ് രക്ഷിക്കപ്പെടുവാൻ നാം കർത്താവിന്റെ കൽപനകളാണ് അനുസരിക്കേണ്ടത്.

# സുവിശേഷത്തോടുള്ള അനുസരണം!

## *J.C.* ചോട്ട്

പഴയ നിയമത്തിലും പുതിയ നിയമത്തിലും അനുസരണം അനിവാര്യമാണ്. വിദ്യാലയങ്ങളിലും സൺഡേ സ്കൂളുകളിലും കുട്ടികളെ നാം അനുസരണം പഠിപ്പിക്കുന്നു. അനുസരണം യാഗത്തേക്കാൾ ഉത്തമമാണ്. അനുസരിക്കാത്ത ആർക്കും അനുഗ്രഹങ്ങൾ പ്രാപ്യമല്ല. ആത്മിയമായി ദൈവം നമ്മുടെ പിതാവും സൃഷ്ടികർത്താവും പിതാവുമാണ്. അവനെ നാം ബഹുമാനിക്കയും അവനോടുള്ള ബന്ധം ശരിയായി നിലനിർത്തുകയും വേണം. ഈ ലോകത്ത് ജീവിക്കുന്ന സകല മനുഷ്യരും ദൈവത്തിന്റെ സന്താനങ്ങളാണ് ആകയാൽ നാം നമ്മുടെ ശാരീരിക അപ്പന്മാരെ ബഹുമാനിക്കുന്നതിലുപരി ദൈവമായ പിതാവിനെ ബഹുമാനിക്കണം. ബഹുമാനം നാം പ്രകടിപ്പിക്കേണ്ടത് അനുസരിച്ചുകൊണ്ടാവണം. അനുസരിക്കാതിരിക്കുമ്പോൾ നാം ബഹുമാനിക്കാതിരിക്കുകയാണ്.

സുവിശേഷം എന്നു പറഞ്ഞാലെന്താണ്? സുവിശേഷം ഒരാൾ അനുസരിക്കുന്നത് എങ്ങനെ? സുവിശേഷം അനുസരിക്കുവാൻ സാധ്യമല്ല എന്നു പറയുന്ന ആളുകൾ ഉണ്ട്. പക്ഷെ ബൈബിൾ ചറയുന്നത് നേരെ മറിച്ചാണ്. സുവിശേഷം എന്നു പറയുന്നത് യേശു തിരുവെഴുത്തിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തിൻ പ്രകാരം ഉയർത്തെഴുന്നേറ്റു എന്നതാണ്. അതായത് പാപമോചനത്തിനുള്ള ഒരു പൂർണ്ണമായ യാഗം. പാപങ്ങൾ മോചിച്ചുതരുവാൻ ഒരു മനുഷ്യനും അധികാരമില്ല. യേശുവിന് അതിന് അധികാരമുണ്ട്. കാരണം അവൻ മാത്രമാണ് അങ്ങനെയുള്ള യാഗം അർപ്പിച്ചത്. ദൈവസന്നിധിയിൽ അത് പ്രസാദകരവുമായി. സുവിശേഷത്തിൽ ദൈവിക കൽപനകളും വാഗ്ദാനങ്ങളും അടങ്ങിയിരിക്കുന്നു. നാം അവ അനുസരിക്കുമ്പോൾ ദൈവം തന്റെ വാഗ്ദാനം നിറവേറ്റും. പൂർണ്ണവിശ്വാസത്തോടെ വേണം നാം അവ അനുസരിക്കുവാൻ. അനുസരണം യാഗത്തേക്കാൾ ഉത്തമം.

ആരംഭമായി നാം സുവിശേഷത്തിലെ വസ്തുതകളുടെ പ്രാധാന്യം നാം മനസിലാക്കിയാൽ മാത്രമെ അതിന്റെ പ്രയോജനം

ലഭിക്കുകയുള്ളു. മനസിലാക്കിയാൽ മാത്രം പോരാ, ജീവിതത്തിൽ പാലിക്കയും വേണം. അപ്പൊസ്തലനായ പൗലൊസ് റോമർക്ക് ലേഖനം എഴുതുമ്പോൾ പറയുന്ന വേദഭാഗം ഒന്നു പരിശോധിച്ചു നോക്കുക. "നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നു എങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്ക് ദാസന്മാരായി തീർന്നതുകൊണ്ട്, ദൈവത്തിന് സ്തോത്രം" (റോമർ 6:17, 18). അവർ ഒരിക്കൽ പാപത്തിന് ദാസന്മാരായി തീർന്നിരുന്നു, എന്നാൽ അനുസരണത്താലാണ് അവർ നീതിക്ക് ദാസന്മാരായി തീർന്നത് എന്ന് ശ്രദ്ധിക്കുക. തങ്ങൾക്ക് ഏൽപിച്ചുകിട്ടിയ ഉപദേശമാണ് അവർ അനുസരിച്ചത്. അപ്പൊസ്തലന്മാർ പ്രസംഗിച്ച വചനം സുവിശേഷമായിരുന്നു. ആ സുവിശേഷം രക്ഷക്കുള്ള ദൈവശക്തിയാണ്.

എങ്ങനെ ഒരാൾക്ക് സുവിശേഷത്തിലെ വസ്തുതകളായ കൽപനകൾ അനുസരിക്കുവാൻ കഴിയും എന്ന് എല്ലാവരും അറിഞ്ഞിരിക്കണം. പാപസംബന്ധമായി മരിച്ചവരുടെ ശരീരങ്ങൾ വെള്ളമാകുന്ന കല്ലറയിൽ അടക്കപ്പെട്ട് ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേൽക്കുമ്പോൾ കർത്താവിന്റെ രക്ഷക്കുള്ള കൽപനകൾ അനുസരിക്കുകയാണ്. തുടർന്ന് കർത്താവ് രക്ഷിക്കപ്പെടുന്നവരെ അവന്റെ സഭയോടു ചേർക്കും. (പ്രവൃത്തികൾ 2:47). പാപമോചനത്തിനുള്ള ഏക യാഗമായിരുന്നു യേശു ദൈവത്തിനായി സമർപ്പിച്ചത്. മനുഷ്യവർഗം മുഴുവൻ പാപം ചെയ്തതിനാൽ അവരെ പാപത്തിൽനിന്നു വീണ്ടെടുക്കേണ്ടത് അനിവാര്യമായിരുന്നു. കാരണം നീതിമാനും പരിശുദ്ധനുമായ ദൈവത്തോട് പാപികളായ മനുഷ്യർക്ക് അടുക്കുവാൻ കഴിയുമായിരുന്നില്ല. രക്തം ചിന്തിയാലല്ലാതെ വിമോചനം ഇല്ലായിരുന്നു (എബ്രായർ 9:22). നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ യേശു ഏറ്റു വാങ്ങി എന്നത് നമുക്ക് അവനോടുള്ള കടപ്പാടാണ് സൂചിപ്പിക്കുന്നത്. നാം അവനോട് നന്ദിയുള്ളവരായിരിക്കണം.

പുതിയ നിയമത്തിൽ കർത്താവും അപ്പൊസ്തലന്മാരും പഠിപ്പിച്ച ഉപദേശരൂപമാണ് എല്ലാവരും അനുസരിക്കേണ്ടത്. അനുസരിക്കുന്നവർക്കാണ് രക്ഷക്കുള്ള അനുഗ്രഹം ലഭിക്കുന്നത്. രക്ഷിക്കുവാനും ശിക്ഷിക്കുവാനുമുള്ള പരമാധികാരം ദൈവത്തിനാണുള്ളത് അതുകൊണ്ട് എല്ലാവരും ക്രിസ്തുവിന്റെ ഉപദേശം

അനുസരിക്കണം എന്നതാണ് ദൈവേഷ്ടം. അതിനു പകരം മാനുഷിക ഉപദേശങ്ങളും പാരമ്പര്യ വിശ്വാസവും സ്വീകരിക്കുന്നവർ ദൈവത്തെയല്ല അനുസരിക്കുന്നത് എന്നോർക്കുക. മനുഷ്യരേക്കാൾ നാം ദൈവത്തെയാണ് അനുസരിക്കേണ്ടത് എന്നു വചനം പറയുമ്പോൾ നാം അതാണ് സ്വീകരിക്കേണ്ടത്. ഉയർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് കൊടുത്ത ആജ്ഞ സകല ജാതികളെയും ശിഷ്യരാക്കുക എന്നതായിരുന്നു. ക്രിസ്തുവിന്റെ കൽപനകളെല്ലാം സർവ്വമനുഷ്യരും അനുസരിക്കേണം എന്നതാണ് ദൈവേഷ്ടം.

അങ്ങനെ സുവിശേഷം യെരുശലേമിൽ തുടങ്ങി ലോകമെങ്ങും എത്തിക്കുവാനുള്ള ശ്രമമായിരുന്നു അപ്പൊസ്തലന്മാരുടേത്. അവരുടെ കാലയളവിൽ അത് നിറവേറ്റി. തുടർന്നുകൊണ്ടിരിക്കേണ്ട ഒന്നാണ് കർത്താവിനോടുള്ള ബന്ധം. അവന്റെ കൽപനകൾ ക്രിസ്തുവിന്റെ മടങ്ങി വരവ് വരെ ജീവിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാർക്കുമുള്ളതാണ് (മത്തായി 24:14). ക്രിസ്തുവിന്റെ ജീവിതം, മരണം, അടക്കം, ഉയർപ്പ് എന്നിവക്ക് സാക്ഷ്യം വഹിച്ച അപ്പൊസ്തലന്മാർ ഭൂലോകത്തിലൊക്കെയും അവന്റെ സാക്ഷികളായി തീർന്നു. യേശു സ്വർഗാരോഹണം ചെയ്ത ശേഷം അവന്റെ ശിഷ്യന്മാരുടെ ദൗത്യം സുവിശേഷം പ്രസംഗിക്കുക എന്നതായിരുന്നു. അവർ ആ സുവിശേഷ സത്യം പിൻ തലമുറക്കാർക്ക് പകർന്നു കൊടുത്തു. അവർ അത് മാറ്റം കൂടാതെ ജനങ്ങളിൽ എത്തിക്കണമായിരുന്നു. കലർപ്പില്ലാത്ത സുവിശേഷം മാത്രമെ രക്ഷക്കായി പ്രവർത്തിക്കുകയുള്ളു എന്നു തിരിച്ചറിയുക.

നിർഭാഗ്യവശാൽ, ആ സുവിശേഷത്തിന് മാറ്റം വരുത്തി ദുരുപദേഷ്ടാക്കന്മാർ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. തൽഫലമായി വ്യത്യസ്തമായ ഉപദേശങ്ങളും വിശ്വാസ സംഹിതകളും ലോകത്തിൽ വ്യാപിച്ചു വരുന്നു. ജനങ്ങൾ സത്യ സുവിശേഷമാണ് കേൾക്കേണ്ടതും വിശ്വസിക്കേണ്ടതും അനുസരിക്കേണ്ടതും. എങ്കിൽ മാത്രമെ അതിന് ദൈവത്തിൽനിന്നം ഫലമുണ്ടാകയുള്ളു. അപ്പൊസ്തല പ്രവൃത്തികളിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ പരിവർത്തനങ്ങളും പരിശോധിച്ചാൽ, അവരെല്ലാവരും ഒരേ രീതിയിലാണ് പരിവർത്തനം ചെയ്തത് എന്നു കാണാം. അവർ ഓരോരുത്തരും സുവിശേഷത്തിൽ വിശ്വസിക്കയും,

പാപത്തിൽനിന്നും മാനസാന്തരപ്പെട്ട് തിരിഞ്ഞ് യേശു ദൈവപുത്രനാണെന്ന് ഏറ്റുപറഞ്ഞുകൊണ്ട് പാപമോചനത്തിനായി സ്നാനം ഏറ്റു എന്നു കാണാവുന്നതാണ്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. എല്ലാവർക്കും ഒരേ സുവിശേഷമാണ് നൽകിയിരിക്കുന്നത്. വിശ്വസിക്കുന്നതിന് ഒരു ഉദ്ദേശമുണ്ട്. വിശ്വാസം കൂടാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല (എബ്രായർ 11:6). മാനസാന്തരം മറ്റൊരു കൽപനയാണ്, അത് സുവിശേഷത്തിന്റെ ഭാഗമാണ്. മാനസാന്തരപ്പെട്ടില്ലെങ്കിൽ എല്ലാവരും നശിച്ച് പോകും (ലൂക്കൊസ് 13:3). ഏറ്റു പറയുന്നതു അനിവാര്യമാണ്, ക്രിസ്തു ദൈവപുത്രനാണെന്ന് മനുഷ്യരുടെ മുമ്പിൽ നാം ഉറക്കെ പ്രഖ്യാപിക്കണം (റോമർ 10:9, 10). സ്നാനം പാപമോചനത്തിനാണ് വെച്ചിരിക്കുന്നത് (പ്രവൃത്തികൾ 2:38).

യെഹൂദ പ്രമാണിയായിരുന്ന നിക്കൊദേമൊസ് യേശുവിന്റെ അടുക്കൽ വന്നപ്പോൾ യേശു അവനോട് പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ആർക്കും കഴിയുകയില്ല എന്നു പറഞ്ഞു. മറ്റൊരു സന്ദർഭത്തിൽ യേശു പറഞ്ഞത് നിങ്ങൾ തിരിഞ്ഞ് ശിശുക്കളെ പോലെ ആയില്ല എങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല (യോഹന്നാൻ 3:3-5). സുവിശേഷസത്യമാണ് നാം മുറുകെ പിടിക്കേണ്ടത്. സുവിശേഷത്തിലെ ഒരു കൽപന പോലും നാം അവഗണിക്കരുത്. കാരണം അവയെല്ലാം ചേർന്നാൽ മാത്രമെ രക്ഷ പൂർണ്ണമാകയുള്ളു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കുമ്പോഴാണ് നാം ക്രിസ്തുവിലാകുന്നത്. ക്രിസ്തുവിൽ ആകുമ്പോഴാണ് ഒരാൾ പുതിയ സൃഷ്ടിയാകുന്നത് (2കൊരി. 5:17). ക്രിസ്തുയേശു വിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല (റോമർ 8:1).കർത്താവിന്റെ വചനമനുസരിക്കുന്നവർ ന്യായവിധിയിൽ അകപ്പെടാതെ ന്യായവിധിജയിക്കുന്നു. അവർക്ക് മക്കൾക്കുള്ള അവകാശം ദൈവം നൽകും. നിങ്ങൾ സുവിശേഷം അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുക. അല്ലെങ്കിൽ കർത്താവ് വരുമ്പോൾ ദൈവത്തെ അറിയാത്തവർക്കും സുവിശേഷം അനുസരിക്കാത്ത വർക്കും ദൈവകോപം നേരിടേണ്ടി വരും. അനുസരിച്ചാൽ നിത്യജീവൻ ലഭിക്കും. ദൈവത്തെ അനുസരിച്ച് വിശ്വസ്തരായി ജീവിക്കുവാനാണ് ദൈവം കൽപ്പിച്ചിരിക്കുന്നത്.

# മോഹം

## ഫ്രാങ്ക് ചെസ്റ്റർ

മനുഷ്യ മനസിൽ മോഹം ജനിക്കുമ്പോൾ അത് നേടിയെടുക്കുവാനായി ആളുകൾ നിയമത്തെ ലംഘിക്കുന്നു. ആദ്യ മനുഷ്യർ പാപം ചെയ്യുവാനിടയായത് അവരിൽ സാത്താൻ മോഹം ജനിപ്പിച്ചത് നിമിത്തമായിരുന്നു. ദൈവം തിന്നരുതെന്ന് കൽപിച്ച വൃക്ഷഫലം തിന്നാൽ നിങ്ങൾ ദൈവത്തെ പോലെ ആകും എന്ന മോഹന വാഗ്ദാനത്തിൽ ഹവ്വ കുടുങ്ങി. അന്നു മുതൽ ഇന്നു വരെ മനുഷ്യൻ പാപികളായി തീരുന്നത് അവരിലെ മോഹം കാരണമാണ്. മോഹം പാപത്തെയും പാപം മരണത്തെയും ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം മോഹത്തെ വിട്ടുകളയണം എന്നു ദൈവം മുന്നറിയിച്ചിരിക്കുന്നു. കൂട്ടുകാരന്റെ യാതൊന്നും നാം മോഹിക്കരുത്. ഭക്ഷണ മോഹിയായ ഏശാവിന് തന്റെ ജ്യേഷ്ഠാവകാശം നഷ്ടമാക്കിയ സംഭവം ചരിത്രത്തിൽ നാം വായിക്കുന്നു. കാഴ്ച്ചയിൽ നമുക്ക് ഇഷ്ടപ്പെടുന്ന പലതും ലോകത്തിൽ കാണുവാൻ കഴിയും.

ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കയാലത്രെ. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു (യാക്കൊബ് 1:14). ഇത്തരം മോഹത്തെ ബൈബിളിൽ മൂന്നായി തിരിച്ചിരിക്കുന്നു. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം. ഇവ ദൈവത്തിൽനിന്നുള്ളവയല്ല. ദൈവം പരിശുദ്ധനും നീതിമാനുമാണ്. ദൈവത്തിന്റെ മക്കൾ അവന്റെ സ്വഭാവത്തോട് അനുരൂപപ്പെടുവാൻ അവൻ ആഗ്രഹിക്കുന്നു. പക്ഷെ അതിനു തടസമായി നിൽക്കുന്ന ഘടകങ്ങൾ പലതാണ്. ഈ ലോകവും, ജഡവും, പിശാചും നമ്മെ ആകർഷിച്ച് തെറ്റായ രീതിയിൽ നമ്മുടെ ജീവിതത്തെ ആസ്വദിക്കുവാൻ സ്വാധീനിക്കപ്പെടും. അതുകൊണ്ട് സൂക്ഷ്മ ബുദ്ധിയുള്ളവരായി സകലവും വിവേചിച്ച് ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുവാൻ ദൈവം കൽപിച്ചിരിക്കുന്നു. പിശാചിന്റെ തന്ത്രങ്ങളിൽ നാം കുടുങ്ങരുത്. അവന്റെ തന്ത്രങ്ങൾ ദൈവം നമുക്ക്

വെളിപ്പെടുത്തി തന്നിരിക്കുന്നത്, നാം തിരിച്ചറിയേണ്ടതിനാണ്. പഴയ നിയമ കാലത്തും പുതിയനിയമ കാലത്തും ദൈവം വിലക്കിയിരിക്കുന്നതാണ് വ്യഭിചാരം. അവിഹിതമായ ലൈംഗിക ബന്ധം നമ്മെ അശുദ്ധമാക്കും. രാജാവായാലും സാധാരണ ജനങ്ങളായാലും ദൈവ കൽപന അനുസരിച്ച് വേണം ജീവിക്കുവാൻ, അല്ലെങ്കിൽ ദൈവകോപത്തിനിരയാകും. ദാവീദ് രാജാവ് ദൈവത്താൽ നിയമിതനായ രാജാവായിരുന്നു. പക്ഷെ അവൻ ഒരു സ്ത്രീ കുളിക്കുന്നതു കണ്ടപ്പോൾ അവന് ആ സ്ത്രിയോട് മോഹം ജനിച്ചു. അവളെ സ്വന്തമാക്കുവാൻ പിന്നീട് അവൻ പല പാപങ്ങൾ ചെയ്തു. തന്റെ സൈന്യധിപനായിരുന്ന അവളുടെ ഭർത്താവിനെ അവൻ അവസാനം കൊല്ലിച്ചു (2 ശമുവേൽ 12). ദൈവം വിലക്കിയ ഏതു കൽപന ലംഘിച്ചാലും ശിക്ഷ ഉറപ്പ്.

ദാവീദിന്റെ മകനായ അബ്ശലോമിൽ അധികാരമോഹം വളർന്നപ്പോൾ, വഞ്ചനയാലും ചതിയാലും അവൻ അപ്പനെതിരെ തിരിഞ്ഞ് ജനങ്ങളുടെ മനസ് അവനിലേക്ക് തിരിക്കുവാൻ ശ്രമിച്ചു.പണത്തോടും സ്വത്തിനോടുമുള്ള മോഹം നിമിത്തം അനേകം കുലപാതകങ്ങൾ ലോകത്തിൽ നടന്നിട്ടുണ്ട്. ഏതൊരു പാപത്തിന്റേയും ശിക്ഷയിൽനിന്ന് ഒഴിവാകുവാൻ സ്വയമായി ആർക്കും കഴിയുകയില്ല. കാരണം ദൈവം അത് നിശ്ചയിച്ചിരിക്കുന്നതാണ്. ദൈവം നീതിയും ന്യായവും നടപ്പാക്കുന്നവനാണ്. ആകയാൽ ആരും ദൈവത്തെ കോപിപ്പിക്കരുത്. മകൻ അപ്പനെതിരെയും അപ്പൻ മകന് എതിരെയും തിരിയുവാൻ അവരിലെ അതിയായ മോഹമാണ് കാരണം. രാജാക്കന്മാർ തമ്മിലുള്ള ശത്രുതക്കും ആക്രമണത്തിന്റേയും പിന്നിലുള്ള കാരണം പരിശോധിച്ചാൽ ലഭിക്കുന്ന ഉത്തരവും ഇതായിരിക്കും. എന്നാൽ പിന്നീട് അവർ അതു മൂലം അനുഭവിക്കേണ്ടി വരുന്ന തിക്തമായ ഫലം വളരെ വലുതായിരിക്കും എന്നു ഉറപ്പിച്ചു പറയാം.

നിങ്ങളിൽ മോഹം എന്ന ചതി കടന്നുകൂടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ഇന്നു തന്നെ ഉപേക്ഷിക്കുക. യൗവന മോഹങ്ങൾ വിട്ടോടി ദൈവത്തിന്റെ നീതിയും സത്യവും പാലിക്കുകയാണ് വേണ്ടത്.

✱

# വാഗ്ദാന നിറവേറ്റൽ

പാട്രിക്ക് ബോയിനെസ്

മനുഷ്യരുടേതിൽ നിന്നു വ്യത്യസ്തമാണ് ദൈവത്തിന്റെ വാഗ്ദാനം. എന്താണ് വാഗ്ദാനം എന്നു വെച്ചാൽ? എന്തെങ്കിലും വാക്കുകളാൽ ഉറപ്പിക്കുക. മറ്റുള്ളവരെ വിശ്വസിപ്പിക്കുവാൻ അത് സഹായകരമാണ്. ഉപകാരപ്രദമായ വാഗ്ദാനങ്ങൾ ആർക്ക് വേണ്ടി വെച്ചിരിക്കുന്നുവോ അവർക്ക് അത് പ്രചോദിപ്പിക്കുക തന്നെ ചെയ്യും. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം ഉറപ്പിക്കുന്നവയാണ് ദൈവത്തിന്റെ വാഗ്ദാനങ്ങൾ. ദൈവം സത്യവാനും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരുമാണ്. ആകയാൽ നമുക്ക് ദൈവത്തെ പൂർണ്ണമായി വിശ്വസിക്കാം. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം പോലെ വിശ്വസ്തമായി സൂക്ഷിക്കേണ്ടതാണ് അന്യോന്യമുള്ള ബന്ധവും. ഞാൻ നിങ്ങൾക്കായി ഒരു കാര്യം ചെയ്യും എന്നു പറഞ്ഞാൽ അത് ചെയ്യണം. അത് ചെയ്യാഞ്ഞാൽ പിന്നെ അതിന് ഏതൊരു ഒഴിവുകഴിവ് പറഞ്ഞാലും ശരിയാവുകയില്ല. പരസ്പരമുള്ള വിശ്വാസം നിലനിർത്തുവാൻ വാഗ്ദാന നിറവേറ്റൽ അനിവാര്യമാണ്. അതിന് പകരമായി നാം മറ്റെന്തു ചെയ്താലും മതിയാവുകയില്ല.

നാം പറയുന്ന ഓരോ വാക്കുകളും നമുക്ക് തിരിച്ചടിയാകാതെ സൂക്ഷിക്കണം. നമ്മുടെ വാക്കുകൾക്കും നാം ഓരോരുത്തരും ദൈവത്തോട് കണക്ക് കൊടുക്കേണ്ടിവരും. പാപം ചെയ്ത് ദൈവത്താൽ ശാപഗ്രസ്തരായ മനുഷ്യർക്ക് അതിൽനിന്നുള്ള മോചനത്തിനായി ദൈവം ഒരു വാഗ്ദാനം ചെയ്തു. സ്ത്രീയുടെ സന്തതി സാത്താന്റെ തല തകർക്കും എന്നതായിരുന്നു അത് (ഉൽപത്തി 3:15). അത് തന്റെ പുത്രനെ കന്യകയിൽനിന്നു ജനിക്കുവാൻ അനുവദിച്ചതിനാൽ നിറവേറ്റി. കാല സമ്പൂർണ്ണതയിൽ ന്യായപ്രമാണത്തിൻ കീഴിൽ ദൈവപുത്രനായി യേശു ജനിച്ചു. മുൻ പ്രവചനമനുസരിച്ചായിരുന്നു അവന്റെ ജനനം. അവന് തല ചായ്ക്കുവാൻ ഇടം ലഭിച്ചിരുന്നില്ല. മനുഷ്യന്റെ നാശം ഒഴിവാക്കുവാൻ വേറൊരു വഴി ഇല്ലായിരുന്നു. ദൈവത്തിന്റെ രക്ഷാപദ്ധതി രൂപപ്പെടുത്തുവാനായിരുന്നു യേശുവിനെ ദൈവം

ലോകത്തിലേക്ക് അയച്ചത്. പാലും തേനും ഒഴുകുന്ന കനാൻദേശം മിസ്രയിമിൽനിന്നും വിടുവിച്ചുകൊണ്ടുവന്ന യിസ്രായേലിന് ദൈവം വാഗ്ദാനം ചെയ്തു. പക്ഷെ അത് പൂർണ്ണമായി വിശ്വസിക്കാതിരുന്ന ദൈവ ജനത്തിന് മരുഭൂമിയിൽ ദീർഘകാലം അലഞ്ഞു തിരിയേണ്ടിവന്നു. അവിശ്വാസം നിമിത്തം അനസരണക്കേട് പ്രവർത്തിക്കയും ദൈവ ശിക്ഷ അനുഭവിക്കയും ചെയ്ത ചരിത്രം നമുക്ക് ബൈബിളിൽ അനവധി വായിക്കുവാൻ കഴിയും. അതേ സമയം ദൈവ വാഗ്ദാനങ്ങളിൽ വിശ്വസിക്കയും അവന്റെ നിബന്ധനകൾ അനുസരിക്കയും ചെയ്തവർക്ക് അവന്റെ അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്തു. ദൈവപുത്രനായ യേശുവിന്റെ പുതിയ നിയമ കാലം ആത്മികമായ അനുഗ്രഹങ്ങളുടെ കാലമാണ്. മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിലാണ് നാം വിശ്വാസം അർപ്പിക്കേണ്ടത്.

തന്നിൽ വിശ്വസിക്കുന്നവർ അവനെ അനുസരിച്ച് ജീവിച്ചാൽ മരിക്കയില്ല എന്ന് കർത്താവ് തറപ്പിച്ചു പറഞ്ഞിരിക്കുന്നു. തന്റെ അടുക്കൽ വരുന്നവന്ന് ഒരിക്കലും ദാഹിക്കയുമില്ല എന്ന് അവൻ മുന്നറിയിച്ചിരിക്കുന്നു. അവന്റെ വാഗ്ദാനങ്ങൾ എത്രയുണ്ടെങ്കിലും അവ ഉവ്വ് ഉവ്വ് എന്നും, ഇല്ല ഇല്ല എന്നും ആയിരിക്കും. ന്യായപ്രമാണം നിലവിലുള്ള സമയത്ത് ദൈവം യോഹന്നാൻ സ്നാപകനെ യേശുവിന് വഴി ഒരുക്കുവാൻ അയക്കുമെന്ന് പറഞ്ഞു. അവനെ അയച്ചു. യോഹന്നാൻ സ്നാപകൻ പറഞ്ഞത് എനിക്ക് പിന്നാലെ വരുന്നവൻ എന്നേക്കാൾ വലിയവൻ, അവന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ ഞാൻ യോഗ്യനല്ല. ഞാൻ പാപമോചനത്തിനായുള്ള മാനസാന്തര സ്നാനമത്രെ കഴിപ്പിക്കുന്നത്. എന്നാൽ അവൻ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും. മുന്നറിയിച്ച വാഗ്ദാനങ്ങളുടെ നിവർത്തീകരണമായി യേശു ഭൂജാതനായി. പൈതൽ വളർന്നു കൃപയും സത്യവും നിറഞ്ഞവനായി ജനങ്ങൾക്കിടയിൽ പാർത്തു (യോഹന്നാൻ 1:14).

യേശു മീൻപിടിക്കുന്നവരോട്, എന്റെ പിന്നാലെ വരുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. പിന്നീട് യേശുവിന്റെ ശിഷ്യന്മാർ ലോകത്തിലെങ്ങും പോയി മനുഷ്യരെ പിടിക്കുന്നവരായി തീർന്നു. യേശു വാഗ്ദാനം ചെയ്തതാണ് ആത്മാവിന്റെ രക്ഷ.

വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുമെന്നാണ് യേശുവിന്റെ വാഗ്ദാനം (മർക്കൊസ് 16:16). ശിഷ്യന്മാർക്ക് യേശു പ്രത്യേകമായ വാഗ്ദാനം നൽകിയിരുന്നു. അങ്ങനെ അവൻ അവരുമായി കൂടിയിരിക്കുമ്പോൾ അവരോട് നിങ്ങൾ യെരുശലേമിൽനിന്നു വാങ്ങി പോകാതെ എന്നോടുകേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കേണം (പ്രവൃത്തികൾ 1:4, 5). യേശു മുഖാന്തരം പിതാവ് വാഗ്ദാനം ചെയ്തതെല്ലാം നിബന്ധനകൾക്ക് വിധേയമായിട്ടുള്ളവയാണ്. ആർക്ക് വാഗ്ദാനം ചെയ്തുവോ അവർ അവയിലെ നിബന്ധനകൾ പാലിക്കണം. വേറൊരുവിധത്തിൽ പറഞ്ഞാൽ ദൈവത്തെ അനുസരിക്കുന്ന വർക്കുള്ളതാണ് അവന്റെ വാഗ്ദാനങ്ങളെല്ലാം.

പഴയ നിയമകാലത്തെ വിശ്വാസ നായകന്മാരുടെ ജീവിതം പരിശോധിച്ചാൽ അബ്രഹാമിനും സാറക്കും പുത്രോൽപാദനത്തിനു ള്ള പ്രായം കഴിഞ്ഞിട്ടും ഒരു സന്തതിയെ ദൈവം വാഗ്ദാനം ചെയ്തു. അവർ അത് വിശ്വസിക്കുകയും അവൻ പറഞ്ഞ സമയത്ത് പുത്രനെ ലഭിക്കുകയും ചെയ്തു. ദൈവ വാഗ്ദാനങ്ങളിൽ വ്യക്തിപരവും ദേശിയവുമായവ നമുക്ക് കാണാം. നോഹയുടെ കാലത്ത് ജലപ്രളയം വരുന്നുവെന്നും അപ്പോൾ പെട്ടകത്തിൽ കയറുവാനും ആവശ്യപ്പെട്ടു. എന്നാൽ നിർദ്ദേശങ്ങളനുസരിച്ചവർക്ക് രക്ഷപ്പെടുവാൻ കഴിഞ്ഞു. ആ പെട്ടകത്തിൽ എട്ടുപേർ കയറി രക്ഷപ്രാപിച്ചു. ജലപ്രളയം വരുത്തുമെന്ന് ദൈവം പറഞ്ഞത് അങ്ങനെ തന്നെ സംഭവിച്ചു. ദൈവത്തിന്റെ അരുളപ്പാടായാലും, കൽപനയായാലും വാഗ്ദാനമായാലും അത് നാം പൂർണ്ണ ഗൗരവത്തോടെ പരിഗണിക്കണം. അവ ഒന്നുപോലും തള്ളിക്കളയതരുത്. നമ്മുടെ നന്മക്കു വേണ്ടിയാണ് അവൻ അത് വെളിപ്പെടുത്തിയിരിക്കുന്നത്. തിരുവെഴുത്തുകൾ സത്യമാണ്.

പാപമോചനത്തിനായി സ്നാനം ഏൽക്കുന്നവർക്ക് ദൈവം പരിശുദ്ധാത്മാവിനെ ദാനമായി നൽകുമെന്നാണ് വാഗ്ദാനം. അത് ോ അവസാനനാളിൽ അവരെ വീണ്ടെടുക്കുമന്ന ഉറപ്പായിട്ടും അച്ചാരമായിട്ടുമാണ് പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നത്. മരണത്തോളം വിശ്വസ്തമായി ജീവിക്കുന്നവർക്ക് നിത്യജീവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

# ആദ്യത്തെ ഭോഷ്ക്ക്; പക്ഷെ അവസാനിച്ചില്ല

ഏ. എൽ ഫ്രാങ്ക്സ്

എന്താണ് ഭോഷ്ക്ക്? കള്ളം അഥവാ വ്യാജമാണ് ഭോഷ്ക്ക് അതായത് സത്യമല്ലാത്തത്. സാത്താനിൽനിന്നാണ് അത് മനുഷ്യരിൽ വന്നത്. അനന്തരഫലവും നാം തിരിച്ചറിയണം. സകല മനുഷ്യരേയും മാനസികമായും ആത്മികമായും നശിപ്പിക്കുന്ന ഒന്നാണ് അത്. ആദ്യസ്ത്രീ ആയ ഹവ്വയെയാണ് ആദ്യം സാത്താൻ വ്യാജം വിശ്വസിപ്പിച്ചത്. നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലത്തിൽ നിന്നു തിന്നരുത്, തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്നാണ് ദൈവം അരുളിച്ചെയ്തിരുന്നത്. എന്നാൽ സാത്താൻ അവളോട് മരിക്കയില്ല എന്നും അത് തിന്നാൽ ദൈവത്തെ പോലെ ആകും എന്നതുകൊണ്ടാണ് ദൈവം അത് വിലക്കിയിരിക്കുന്നത് എന്ന് അവളെ വിശ്വസിപ്പിച്ചു. അങ്ങനെയാണ് ആദ്യമായി പാപം ലോകത്തിൽ മനുഷ്യരിലേക്ക് വന്നത്. സത്യവാനായ ദൈവം ഭോഷ്ക്ക് വെറുക്കുന്നവനാണ്. എന്നാൽ പിശാച് ഭോഷ്ക്ക് ഇഷ്ടപ്പെടുകയും അത് മനുഷ്യരിൽ വ്യാപിപ്പിക്കയും ചെയ്യുന്നതു ദൈവഹിതത്തിന് നേരെ എതിരാണ്. ദൈവത്തിന്റെ ശത്രുവായിട്ടാണ് സാത്താൻ പ്രവർത്തിക്കുന്നത്.

പഴയനിയമ കാലത്ത് ദൈവം തിരഞ്ഞെടുത്ത ജനമായിരുന്ന യെഹൂദന്മാർ സത്യന്ധരായിരിക്കുവാനായി എല്ലാ നന്മകളും അവർക്ക് ദൈവം നൽകിയിരുന്നു. ദൈവകൽപനകൾ അനുസരിച്ച് ജീവിക്കുവാനായിരുന്നു അവരോട് ആജ്ഞാപിച്ചിരുന്നത്. ആ ചട്ടങ്ങളും കൽപനകളും പ്രമാണിച്ചാൽ അവരെ ദൈവം സംരക്ഷിക്കുകയും അവർക്ക് ആവശ്യമുള്ളതെല്ലാം നൽകുകയും ചെയ്തിരുന്നു. പുതിയ നിയമകാലത്ത് യേശു വന്നതുമുതൽ അവൻ കൃപയും സത്യവും നിറഞ്ഞവനായിട്ടാണ് ജീവിച്ചത്. സത്യത്തിന്റെ അടിസ്ഥാനത്തിന്മേൽ ആണ് ക്രിസ്ത്യാനിത്വം നിൽക്കുന്നത്. ദൈവ വചനം എല്ലാം സത്യമാണ്. യേശു പറഞ്ഞത്, “നിങ്ങൾ സത്യം അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും” എന്നാണ് (യോഹന്നാൻ 8:32). സാത്താൻ വ്യാജം വ്യാപിപ്പിച്ച് ആളുകളുടെ കണ്ണ് കുരുടാക്കി വെച്ചിരിക്കുകയാണ്. എന്നാൽ കർത്താവിന്റെ

വചനം ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കുവാനായിരുന്നു യേശു തന്റെ ശിഷ്യന്മാരോട് കൽപിച്ചത്. അവർ അവരുടെ കാലയളവിൽ പൂർത്തിയാക്കുകയും ചെയ്തു. ഇന്ന് ജീവിക്കുന്ന ഓരോരുത്തരുടേയും കടമ സത്യത്തിനു വേണ്ടി നിലനിൽക്കുക എന്നതാണ്. യേശു മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റു എന്ന സത്യമാണ് സുവിശേഷം. അതാണ് ആളുകൾ വിശ്വസിക്കേണ്ടത്. അതിന് പകരം അടിസ്ഥാനമില്ലാത്ത വസ്തുതകൾ എന്തുതന്നെ യായാലും, അവക്ക് ആധികാരികതയില്ല. ആർക്കും നിഷേധിക്കാൻ കഴിയാത്ത വിധത്തിൽ നിത്യമായ വിലയുള്ളത് സത്യത്തിനാണ്. നുണക്ക് താൽക്കാലികത്വം മാത്രമാണുള്ളതു. തൽക്കാല രക്ഷക്കാണ് ആളുകൾ കള്ളം പറയുന്നത്.

പരസ്പരവിശ്വാസം തകർക്കുന്നതാണ് നുണ. ദൈവം പറഞ്ഞിരിക്കുന്നത് നാം എല്ലാവരോടും സ്നേഹത്തിൽ സത്യം സംസാരിക്കണം എന്നാണ്. സമുഹത്തിലെ ചില ആളുകൾ വിശ്വസിക്കുന്നത് ഒരു നല്ലകാര്യത്തിന് വേണ്ടി കള്ളം പറഞ്ഞാലും കുഴപ്പമില്ല. വിശന്നിട്ടാണെങ്കിൽ മോഷണം കുറ്റമല്ല എന്ന നിലപാട് ഉള്ളവരും ഇല്ലാതില്ല. അവർ സത്യത്തെ വെറുക്കുന്നവരാണ്. നമ്മുടെ പൂർവ്വികൻമാർ തല പോയാലും സത്യമെ പറഞ്ഞിരുന്നുള്ളു. അവർ ദൈവം വെറുത്തതിനെ എല്ലാം വെറുത്തിരുന്നു. അതുകൊണ്ടു ഭോഷ്ക്കിനേയും അവർ വെറുത്തിരുന്നു. പഴയ നിയമത്തിൽ ദൈവം കൽപിച്ചിരുന്നത് കള്ളസാക്ഷ്യം പറയരുത് എന്നാണ്. അതായത് സത്യമേ പറയാവു എന്നർത്ഥം. യേശു ഇന്നും പിതാവിന്റെ വലത്തുഭാഗത്തിരുന്നു പക്ഷവാദം ചെയ്തു കൊണ്ടിരിക്കുന്നു. ഉയർത്തെഴുന്നേറ്റ ക്രിസ്തു വീണ്ടും വരുമെന്ന് അരുളിച്ചെയ്തിരിക്കുന്നു.

ആത്മാവിനാൽ എഴുതപ്പെട്ട വചനം ദൈവശ്വാസിയമായിട്ടാണ് നല്കപ്പെട്ടിരിക്കുന്നത്. സത്യം നമ്മോടുകൂടെ നിലനിൽക്കേണം എന്ന ഉദ്ദേശത്താലാണ് ദൈവം അങ്ങനെ ചെയ്തിരിക്കുന്നത്. യേശുവിന്റെ ഉയർപ്പ് കള്ളമാണെന്ന് വരുത്തി തീർക്കുവാൻ ശ്രമം നടത്തി. ദൈവത്തിന്റെ സത്യത്തെ വ്യാജമാക്കി മാറ്റുവാൻ പിശാച് സകല തന്ത്രങ്ങളും വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ സത്യം എന്നേക്കും നിലനിൽക്കും. സത്യമേ വിജയിക്കുകയുള്ളു. ആളുകൾ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തെ സ്നേഹിച്ചു

കൈക്കൊള്ളേണം.അല്ലെങ്കിൽ അവർക്ക് ഭോഷ്ക്ക് വിശ്വസിക്കുവാൻ ഉള്ള അവസരം ദൈവം തന്നെ കൊടുക്കും. കാരണം അവർക്ക് സത്യം ആവശ്യമില്ല എന്ന് അവരുടെ പ്രവൃത്തികളാൽ തെളിയിച്ചു കൊടുത്തു. ഭോഷ്ക്ക് കേട്ട് വിശ്വസിക്കുന്നവർക്കും അതനുസരിക്കുന്നവർക്കും ദൈവത്തോട് ബന്ധപ്പെടുവാൻ സാധ്യമല്ല. കള്ളപ്രവാചകന്മാരെയും ദുരുപദേഷ്ടാക്കന്മാരെയും സൂക്ഷിച്ചുകൊൾവിൻ എന്ന് പഴയനിയമത്തിലും പുതിയ നിയമത്തിലും മുന്നറിയിച്ചിരിക്കുന്നതിന്റെ കാരണം വളരെ വ്യക്തമാണ്. അത് എല്ലാവരും ഗൗരവമായി എടുക്കണം.

യേശുക്രിസ്തു സ്ഥാപിച്ചതായ പുതിയനിയമത്തിൽ നമ്മോട് അരുളിച്ചെയ്തിരിക്കുന്നത് ക്രിസ്തുവിന്റെ ഉപദേശത്തിൽനിന്നും അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല. കൂടാതെ കള്ളം പറയുന്നവർ മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുകയാണ്. സത്യത്തെ മറച്ചു പിടിച്ച് ആളുകളിൽ തെറ്റ് വിശ്വസിക്കുവാൻ പ്രേരിപ്പിക്കുകയാണ്. ദുഷ്പ്രേരണ നിമിത്തമാണ് അവർ അങ്ങനെ ചെയ്യുന്നത്. വ്യാജം പ്രചരിപ്പിക്കുന്നവർക്ക് മാത്രമല്ല ശിക്ഷ ലഭിക്കുന്നത്, അത് വിശ്വസിച്ചു പ്രവർത്തിക്കുന്നവർക്കും ശിക്ഷയുണ്ടാകുമെന്നത് പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. പത്രൊസിന്റെ ലേഖനത്തിൽ ദൈവശ്വാസിയമായ നിർദ്ദേശം നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക: “ആകയാൽ സകല ദുഷ്ടതയും ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ” (1 പത്രൊസ് 2:1, 2).

പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ (1 യോഹന്നാൻ 4:1, 2). ആത്മാവിന്റെ രക്ഷക്ക് സത്യസുവിശേഷമാണ് കേട്ട് വിശ്വസിച്ച് അനുസരിക്കേണ്ടത്. ദൈവത്തിൽനിന്നുള്ള ആത്മരക്ഷ ഉറപ്പാക്കുവാനുള്ള അവസരം ഈ ഭൂമിയിൽ ജീവിക്കുമ്പോഴാണ് ഉള്ളത്. അത് നഷ്ടമാക്കി കളഞ്ഞാൽ നിത്യമരണമായിരിക്കും ഫലം. ലോകം ദുഷ്ടന്റെ അധീനതയിലാണ്.

# ഒരിക്കലായി ഭരമേൽപിച്ച വിശ്വാസം

## ജോണി രാംസെ

വിശ്വാസം ഇന്ന് പൊതുവിൽ വ്യത്യസ്തമായ രീതിയിലും ഭാവത്തിലും അറിയപ്പെടുന്നു. പഴയനിയമകാലത്ത് യെഹൂദന്മാരും ദൈവത്തിൽ വിശ്വസിച്ചിരുന്നു. വിശ്വാസം വാസ്തവത്തിൽ ഒരു ആശ്രയമാണ്. ദൈവ സന്നിധിയിൽ സ്വീകാര്യമായത് ഏക വിശ്വാസമാണ്. ബഹുവിശ്വാസം ദൈവികമല്ല, അത് പിശാചിൽനിന്ന് ഉത്ഭവിച്ചതാണ്. ലോകത്തിൽ മനുഷ്യരെ കുഴപ്പത്തിലാക്കിയിരിക്കുന്നത് പിശാച് ആണ്. സത്യ ദൈവം കലക്കത്തിന്റെ ദൈവം അല്ല, മറിച്ച് സമാധാനത്തിന്റെ ദൈവമാണ്. "പ്രിയരേ നമുക്ക് പൊതുവിലുള്ള രക്ഷയെ കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന്ന് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്ന് എനിക്ക് തോന്നി" (യൂദാ. 3). പുതിയ നിയമവിശ്വാസം ഒരിക്കലായിട്ടാണ് വിശുദ്ധന്മാർക്ക് നൽകിയിരിക്കുന്നത്.

യേശുക്രിസ്തു ഒരിക്കൽ പ്രത്യക്ഷനായി, ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയുമാണ് ദൈവം മനഷ്യർക്ക് നിയമിച്ചിരിക്കുന്നത്. സാത്താന്റെ തല തകർക്കുവാൻ യേശു ഒരിക്കൽ മരിച്ചു. യേശു ഒരിക്കൽ യാഗം അർപ്പിക്കുകയും അത് പിതാവിന് പ്രസാദകരമായി തീരുകയും ചെയ്തു. എബ്രായലേഖകൻ അതിനെ കുറിച്ചു പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: "എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്ത യാഗം കൊണ്ട് പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ, അങ്ങനെ തന്നെ ക്രിസ്തുവും അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു അവൻ തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും" (എബ്രായർ 9:26, 27). സുവിശേഷം വിശ്വസിക്കുന്നവർക്കും അനുസരിക്കുന്നവർക്കുമാണ് ഗുണം ചെയ്യുന്നത്. രക്ഷക്ക് വിശ്വാസം അത്യന്താപേക്ഷിതമാണ്. വിശ്വസിക്കുന്നവർക്ക് ദൈവ

മഹത്വം ദർശിക്കുവാൻ കഴിയുമെന്ന് കർത്താവ് തന്നെ അരുളിച്ചെയ്തിരിക്കുന്നു. വിശ്വസിക്കാത്തവർ ശിക്ഷാവിധിയിൽ അകപ്പെടും. ദൈവത്തോടും അന്യോന്യവുമുള്ള ബന്ധം ദൃഢമാക്കുവാൻ വിശ്വാസം വേണം. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാധ്യമല്ല (എബ്രായർ 11:6). വിശ്വാസമില്ലാതെ ചെയ്യുന്ന പ്രവൃത്തികൾ പാപമത്രെ. ഭൗതിക ജീവിതത്തിലായാലും ആത്മിക ജീവിതത്തിലായാലും വിശ്വാസത്തിന് വലിയ പ്രാധാന്യമാണുള്ളത്. ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണ്.

ശരിയായ വിശ്വാസവും തെറ്റായ വിശ്വാസവും ലോകത്തിൽ സമ്മിശ്രമായി കിടക്കുകയാണ്. അതിൽനിന്നും ശരിയായ വിശ്വാസത്തെ ഓരോരുത്തരും മനസിലാക്കണം. പിതാവായ ദൈവത്തിലും അവൻ അയച്ച പുത്രനിലും ആണ് നാം വിശ്വസിക്കേണ്ടത്. ആ വിശ്വാസം ഒരു വ്യക്തിയുടെ ഉള്ളിൽനിന്നാണ് വരേണ്ടത്. അതായത് ഹൃദയം കൊണ്ടായിരിക്കണം നാം വിശ്വസിക്കേണ്ടത്. ആത്മാർത്ഥമായ വിശ്വാസം ഒരിക്കലും ഒരു തോന്നൽ ആയിരിക്കുകയില്ല. പ്രവൃത്തിരഹിതമായ വിശ്വാസം നിർജ്ജീവമായിരിക്കും. അത് നിഷ്ഫലമായിരിക്കും. പ്രവൃത്തിയോടുകൂടിയാണ് വിശ്വാസം പൂർത്തിയാകുന്നത് (യാക്കോബ് 2:23). എബ്രായ ലേഖനത്തിൽ ഒരദ്ധ്യായം മുഴുവൻ വിശ്വാസ വീരന്മാർക്കായി മാറ്റി വെച്ചിരിക്കുന്നു. അബ്രഹാം മുതൽ നമ്മുടെ പൂർവ്വപിതാക്കന്മാരിലെല്ലാം വിശ്വാസം മൂലമാണ് അവർ അനുഗ്രഹിക്കപ്പെട്ടതെന്ന് നമുക്ക് കാണുവാൻ കഴിയും.

യേശു ദൈവപുത്രനാണെന്ന് നാം ഹൃദയപൂർവ്വം വിശ്വസിക്കണം. ഒന്നാം നൂറ്റാണ്ടിലെ ജനങ്ങൾക്ക് വിശ്വസിക്കുവാൻ പ്രയാസമുള്ള വിഷയമായിരുന്നു യേശു ദൈവപുത്രനാണെന്നത്. അപ്പൊസ്തലന്മാർ അവൻ ദൈവപുത്രനാണെന്നതിനുള്ള എല്ലാ തെളിവുകളും നിരത്തിയത് ആളുകളെ വിശ്വസിപ്പിക്കുവാനായിരുന്നു. യേശു ധാരാളം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തത് അവൻ ദൈവപുത്രനാണെന്ന് വിശ്വസിക്കുവാൻ. അവയെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത് നാം വായിച്ചു വിശ്വസിക്കുവാനാണ്. ധാരാളം അന്ധവിശ്വാസം ലോകത്തിൽ പ്രചരിച്ചിട്ടുണ്ട്. അന്ധവിശ്വാസത്തിന് ഒരു ഫലവുമില്ല. മനസിന്റെ തൃപ്തിക്കായി

ആളുകൾ പലതും വിശ്വസിക്കുന്നു. പക്ഷെ അതല്ല ദൈവികമായ വിശ്വാസം. ദൈവത്തിന്റെ ചട്ടങ്ങളും വിധികളും വാഗ്ദാനങ്ങളും ആണ് നാം വിശ്വസിച്ച് പാലിക്കേണ്ടത്. അവ വിശ്വസിക്കാതെ മറ്റെന്തു ചെയ്താലും ദൈവം ഉദ്ദേശിക്കുന്ന ഫലം നമുക്ക് ലഭിക്കുകയില്ല. ജീവനുള്ള വിശ്വാസം ആണ് ഫലം പുറപ്പെടുവിക്കുന്നത്. ദൈവാനുഗ്രഹത്തിന് നാം അവനിൽ പൂർണ്ണമായി ആശ്രയിക്കണം.

ചിലർ ദൈവത്തിലും വിശ്വസിക്കും പിശാചിലും വിശ്വസിക്കും. അത് ശരിയായി കൊണ്ടുപോകുവാൻ പ്രയാസമാണ്. ദൈവത്തിൽ വിശ്വസിക്കുകയാണെങ്കിൽ നാം പിശാചിനെ വിശ്വസിക്കരുത്. അന്ധവിശ്വാസവും തെറ്റായ വിശ്വാസവും തള്ളിക്കളയുവാൻ നമുക്ക് കഴിയണം. ആളുകളുടെ മനസിനെ തെറ്റിദ്ധരിപ്പിക്കുകയാണ് സാത്താൻ. പരിശോധിക്കുവാൻ തുനിയാതെ അത് വിശ്വസിക്കുന്ന ദുർബ്ബലരായ മനുഷ്യർ സാത്താന്റെ വഞ്ചനയിൽ കുടുങ്ങും. ഉൾക്കരുത്തില്ലാത്തവരും സംശയാലുക്കളുമാണ് സാത്താന് അടിമപ്പെടുന്നത്. പിതാക്കന്മാരുടെ കാലത്ത് ദൈവം നേരിട്ട് അവരോട് സംസാരിച്ചിരുന്നു. അത് വിശ്വസിച്ചവർ അപ്രകാരം ജീവിച്ചു, തൽഫലമായി അവർ ദൈവത്താൽ അനുഗ്രഹീതരായി തീർന്നു. ആ ദൈവിക തത്വത്തിന് ഇന്നും മാറ്റമില്ല. സത്യം വിശ്വസിക്കുവാൻ കഴിയാത്തവർ വളരെ എളുപ്പത്തിൽ വ്യാജം വിശ്വസിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും. ലോകത്തിൽനിന്നും അവർക്ക് ലഭിച്ച അനുഭവമോ അറിവോ അതിന് കാരണമായേക്കാം.

വിശ്വാസമുള്ളവർ അതിനനുസരിച്ച് ജീവിക്കും. വിശ്വാസമില്ലാത്തവർ തങ്ങളുടെ ജീവിതത്താൽ അത് തെളിയിക്കും. യേശുക്രിസ്തുവിനെ പിതാവായ ദൈവം മരിച്ചവരിൽനിന്നും ഉയർപ്പിച്ചു എന്നത് സത്യവസ്തുതയാണ്. ദൃക്സാക്ഷികൾ അത് സ്ഥിരീകരിക്കുകയും ചെയ്തു. ആർക്കും നിഷേധിക്കുവാൻ കഴിയാത്ത വിധത്തിൽ തെളിവുകൾ അതിനെ ഉറപ്പിക്കുന്നു. ചരിത്രസത്യത്തെ ആർക്കും തള്ളിക്കളയുവാൻ സാധ്യമല്ല. പൊതുവായി സ്വീകരിക്കുന്നതിന് ഒരു വിശ്വാസ വ്യവസ്ഥ ദൈവത്താൽ നൽകപ്പെട്ടതിനെ ആരും തള്ളിക്കളയരുത്. ധാർമ്മിക മൂല്യത്തിൽ ഊന്നിയുള്ള ജീവിതത്തിന് പ്രാധാന്യം കൊടുക്കുന്ന

വ്യക്തികൾ സമൂഹത്തിൽ നമുക്ക് കാണാം. ആത്മികതയിൽ ഊന്നിയ ധാർമ്മികതയാണ് ദൈവം ഉദ്ദേശിക്കുന്നത്. ആ വ്യത്യാസത്തെ നാം കാണാതെ പോകരുത്. ലോകം മുഴുവൻ സകല ജാതികളിലും എത്തിക്കുവാൻ ദൈവം ആവശ്യപ്പെട്ടിരിക്കുന്ന സുവിശേഷം ഒരു വിശ്വാസ വ്യവസ്ഥയും ദൈവികശക്തി ഉൾക്കൊള്ളുന്നതുമാണ്. സകല ദേശക്കാർക്കും ഭാഷക്കാർക്കും ജാതികൾക്കും ഒരേ ഒരു വിശ്വാസ വ്യവസ്ഥയാണ് ദൈവം ഒരുക്കിയിരിക്കുന്നത്. അതിന് എതിരായി പിശാച് തെറ്റായ വിശ്വാസപ്രമാണങ്ങളും വ്യവസ്ഥകളും സമൂഹത്തിൽ വ്യാപിപ്പിച്ചു. അതുകൊണ്ടാണ് ലോകം ഇന്ന് കലക്കത്തിലായിരിക്കുന്നത്.

അപ്പൊസ്തലന്മാരെ ദൈവം തിരഞ്ഞെടുത്ത് അവർക്ക് കൃപ നൽകിയിരിക്കുന്നതിന്റെ ഉദ്ദേശം പൗലൊസ് വ്യക്തമാക്കിയിരിക്കുന്നത് ശ്രദ്ധിക്കുക: "ഞങ്ങൾ അവന്റെ നാമത്തിനായി സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന്ന് കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത്. അവരിൽ യേശുക്രിസ്തുവിനാൽ വിളിക്കപ്പെട്ട നിങ്ങളും ഉൾപ്പെട്ടിരിക്കുന്നു" (റോമർ 1:6, 7). ദൈവകൽപനകളെ മാനിക്കാതെ ജീവിച്ച് അവനിൽനിന്നും അകന്നു ജീവിച്ചാലുണ്ടാകുന്ന നാശം ഒഴിവാക്കുവാനാണ് ഒരു രക്ഷാപദ്ധതി ദൈവം രൂപപ്പെടുത്തിയത്. ദൈവത്തിലും അവന്റെ വചനത്തിലും നാം വിശ്വസിക്കാതിരുന്നാൽ ശിക്ഷാവിധി ഉറപ്പാണ്.

ദൈവേഷ്ടം എന്തെന്ന് ഓരോരുത്തരും തിരിച്ചറിയണം. "തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്ക് ദാനം ചെയ്തിരിക്കുന്നു" (2 പത്രൊസ് 1:3). ഏക രക്ഷകനും വീണ്ടെടുപ്പുകാരനുമാണ് നമുക്ക് ഉള്ളത്. ഒരേ ഒരു കർത്താവും അവന്റെ രക്ഷാമാർഗവുമാണ് സർവ്വമനുഷ്യർക്കുമുള്ളത്. ആ യജമാനനും ദൈവപുത്രനുമായ ക്രിസ്തുവിനെ വിശ്വാസത്തോടെ അനുസരിക്കുവാനാണ് തുനിയേണ്ടത്. അതിനു പകരമായി മറ്റൊന്നില്ല. എല്ലാവരും ശരിയായ വിശ്വാസത്തിന് കീഴ്പ്പെടുവാൻ ആഗ്രഹിക്കുന്ന ദൈവേഷ്ടത്തെ തിരിച്ചറിയുക. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായിക്കുന്ന പരിവർത്തനങ്ങളിലെല്ലാം കാണുന്ന പ്രത്യേകത, ഓരോ

പരിവർത്തനത്തിലും പ്രാരംഭമായി വിശ്വാസത്തെ നാം കാണുന്നു. കൂടാതെ തുടർനടപടികളും ദൃശ്യമാണ്. വിശ്വാസത്തിൽ മാത്രം ഒതുങ്ങുന്നതല്ല എന്നു സാരം. അതേ സമയം വിശ്വാസം ആവശ്യവുമാണ്. പുതിയനിയമ കാലയളവിൽ ഒരു കൂട്ടം പുരോഹിതന്മാരും വിശ്വാസത്തിന് അധീനരായി എന്നു നാം വായിക്കുന്നു (പ്രവൃത്തികൾ 6:7). എന്താണ് കാരണം എന്നു പരിശോധിച്ചാൽ അവർ ശരിയായ വിശ്വാസത്തിലായിരുന്നില്ല അവരുടെ പൗരോഹിത്യം ചെയ്തിരുന്നത് എന്നു സ്പഷ്ടം. ശരിയായ വിശ്വാസം ക്രിസ്തുവിൽ കേന്ദ്രീകരിച്ചുള്ളതാണ്. ക്രിസ്തുവിന്റെ വചനം കേട്ടിട്ടു വേണം വരുവാൻ.

തന്റെ വെളിപ്പാട് ദൈവം പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നു. ഇനി മറ്റൊരു വെളിപ്പാടിനായി നാം കാത്തിരിക്കേണ്ട ആവശ്യമില്ല. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവു വരെ ജീവിക്കുന്ന എല്ലാ മനുഷ്യർക്കുമായിട്ടുള്ളതാണ് പുതിയ നിയമം പിതാവ് തന്റെ പുത്രനെ അയക്കുകയും പുത്രൻ തന്റെ രക്തത്താൽ അത് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ യഥാർത്ഥ വിശ്വാസത്തിലാണോ എന്ന് നിങ്ങൾ പരിശോധിക്കുക. വിശ്വാസം വ്യക്തിപരമാണ്. എന്റെ വിശ്വാസം എനിക്ക് നിന്റെ വിശ്വാസം നിനക്ക് എന്ന പ്രസ്താവന പറഞ്ഞു കേൾക്കാറുണ്ട്. പക്ഷെ അത് ഒന്നും ദൈവികമല്ല. ദൈവം വെളിപ്പെടുത്തിയ നിയമവും ആത്മികമായ അനുഗ്രഹവുമാണുള്ളത്. അത് വളരെ ശ്രേഷ്ഠമായ ഒന്നാണ്. പ്രവാചകൻ ആയിരുന്ന മലാഖി പറയുന്നത് കേൾക്കുക: “എനിക്ക് മുമ്പായി വഴി നിരത്തേണ്ടതിന് ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്ന് തന്റെ മന്ദിരത്തിലേക്ക് വരും. ഇതാ അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാഖി 3:1). മശിഹയുടെ പുതിയ നിയമം വരുന്നതിനെ കുറിച്ച് യിരെമ്യാപ്രവാചകൻ പ്രവചിച്ച് നിറവേറിയതായി എബ്രായ ലേഖനത്തിൽ വിവരിക്കുകയും ചെയ്തിരിക്കുന്നു.

അനേകം അത്ഭുതങ്ങളാൽ ആത്മാവ് നൽകിയ വചനത്തെ ദൈവം ഉറപ്പാക്കിയിരിക്കുന്നത് നമ്മുടെ വിശ്വാസത്തിനായിട്ടാണ്. കർത്താവ് ഒരിക്കൽ പ്രത്യക്ഷനായത് പാപികൾക്കു വേണ്ടി

മരിക്കുവാനായിരുന്നു. ആ ദൗത്യം അവൻ പൂർത്തിയാക്കിയിട്ടാണ് സ്വർഗാരോഹണം ചെയ്തത്. അവൻ ഇന്നും പിതാവിന്റെ വലത്തുഭാഗത്തിരുന്നു ക്രിസ്തുവിലായവർക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. യേശുവിന്റെ വാക്കുകളിലും അവൻ ചെയ്ത പ്രവൃത്തികളിലും വിശ്വാസം അർപ്പിച്ച് അവൻ എന്തു ചെയ്യുവാൻ പറഞ്ഞിരിക്കുന്നുവോ അത് ചെയ്യുവാനാണ് ഓരോരുത്തരും ശ്രമിക്കേണ്ടത്. പിതാവായ ദൈവം പുത്രനായ ക്രിസ്തുവിനെ ന്യായം വിധിക്കുവാനായി അധികാരപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ വചനം നാം അനുസരിച്ചില്ലെങ്കിൽ അതേ വചനം തന്നെയാണ് അവസാന നാളിൽ ന്യായം വിധിക്കുന്നത് എന്നത് സ്പഷ്ടമാണ് (യോഹന്നാൻ 12:48).

നിങ്ങൾ ഏക സത്യ ദൈവത്തിലും അവൻ അയച്ച ദൈവപുത്രനിലും വിശ്വസിക്കുന്നുവോ? കർത്താവ് പറഞ്ഞത്, ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നാണ് (യോഹന്നാൻ 8:24). അപ്പൊസ്തലന്മാർ ഭൂലോകമൊക്കെയും പ്രസംഗിച്ച സുവിശേഷമാണ് ആളുകൾ വിശ്വസിച്ചതും അനുസരിച്ചതും. നിങ്ങൾ ആ സുവിശേഷം വിശ്വസിച്ച് അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിച്ച് ആത്മരക്ഷ ഉറപ്പാക്കുക. വിശ്വാസം ചിലപ്പോൾ ഭീഷണിയാലോ പ്രതിസന്ധിയാലോ ഇളകി പോകുവാൻ സാധ്യതയുണ്ട്. ഉദാഹരണമായി തോണിയിൽ യാത്ര ചെയ്യുന്നവർ കാറ്റു വരുമ്പോൾ തോണി മറിഞ്ഞ് മുങ്ങി പോകുമോ എന്നു ഭയപ്പെടും. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് വളരെ ഉപദ്രവങ്ങൾ നേരിടേണ്ടി വന്നു.

വിശ്വാസ ജീവിതത്തിൽ പരീക്ഷണങ്ങൾ ആവശ്യമാണ്. അത് നമ്മുടെ സ്വഭാവരൂപീകരണത്തെ സഹായിക്കും. കഷ്ടതയും രോഗവും നമ്മിൽ ക്ഷമ വളർത്തുവാൻ ഉപകരിക്കും. ഏതൊരു കഷ്ടതയും തൽക്കാലം നമ്മെ വിഷമിപ്പിക്കും. പക്ഷെ അവസാനം ദൈവം നമുക്കായി വെച്ചിരിക്കുന്ന പ്രതിഫലം ലഭിക്കുമ്പോൾ നമുക്ക് സന്തോഷിക്കുവാൻ കഴിയും. ദൈവത്തിലുള്ള വിശ്വാസവും പരസ്പര വിശ്വാസവും നമ്മിൽ ആത്മവിശ്വാസം വളർത്തും. അങ്ങനെ നമുക്ക് ധൈര്യവും ഉത്തേജനവും വർദ്ധിക്കും. മനുഷ്യരിലും പ്രഭുക്കന്മാരിലും ആശ്രയിക്കുന്നതിനേക്കാൾ

സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചാൽ നാം കുലുങ്ങിപ്പോകയില്ല. അവിശ്വാസിയായ വ്യക്തിയുടെ വഴികളെല്ലാം അസ്ഥിരമായിരിക്കും. നമ്മുടെ മനസും ആത്മാവും ദൈവത്തിൽ ഊന്നി വേണം ജീവിക്കുവാൻ. ഏതെങ്കിലും ഒരു കാര്യം ധൈര്യപൂർവ്വം ചെയ്യുവാൻ നമുക്ക് വിശ്വാസം ആവശ്യമാണ്.

നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ വിശ്വാസത്തെയാണോ അനുഗമിക്കുന്നത്? എങ്കിൽ അത് വചനപ്രകാരം ശരിയോ എന്നു ശോധന ചെയ്തു തെറ്റു തിരുത്തുവാൻ ഇപ്പോൾ കഴിയും. ഏതൊരാളുടെയും വിശ്വാസത്തിന്റെ മാനദണ്ഡം വചനമായിരിക്കണം. ആളുകൾക്ക് തമ്മിൽ തമ്മിലും ദൈവത്തിലും വിശ്വാസം കൂടിയേ തീരു. ആത്മീകകാര്യങ്ങൾക്ക് നാം ആശ്രയിക്കേണ്ടത് ദൈവത്തിലും അവൻ അയച്ച പുത്രനിലും അതോടൊപ്പം അവന്റെ അരുളപ്പാടിലുമാണ്. നാം യഥാർത്ഥ വിശ്വാസപ്രകാരമാണോ ജീവിക്കുന്നത്? അല്ലെങ്കിൽ ഇന്നു തന്നെ കർത്താവും അപ്പൊസ്തലന്മാരും നമ്മെ പഠിപ്പിച്ചിരിക്കുന്ന വിശ്വാസ സംഹിതയിലേക്ക് തിരിയണം. ദൈവിക വ്യവസ്ഥയാണ് നാം സ്വീകരിക്കേണ്ടത്. ആത്മാർത്ഥമായ വിശ്വാസം നിബന്ധന വെക്കുന്നില്ല. മനുഷ്യപുത്രനും ദൈവപുത്രനുമായ യേശു വീണ്ടും വരുമ്പോൾ ഭൂമിയിൽ വിശ്വാസം കാണുമോ എന്നു സംശയിക്കയുണ്ടായി. ആളുകളുടെ ജീവിതം നിമിത്തമാണ് അവൻ അങ്ങ അങ്ങനെ പറയുവാനിടയായത്. നാം യഥാർത്ഥ വിശ്വാസത്തിലാണോ നിലനിൽക്കുന്നത് എന്നു പരിശോധിക്കു വാനള്ള ഉത്തരവാദിത്തം നമുക്ക് തന്നെയാണ്. നാം അത് ചെയ്തദില്ലെങ്കിൽ വഞ്ചിക്കപ്പെടും.

വിശ്വാസം വ്യക്തിപരമാണ്, അതേ സമയം അത് ദൈവസന്നിധിയിൽ പ്രസാദകരമായി തീരുകയും വേണം. ദൈവത്തിലും അവൻ അയച്ച പുത്രനിലും, ദൈവത്തിന്റെ അരുളപ്പാടുകചളളിലും വിശ്വസിക്കുകയും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും വേണം. വെറും പൊള്ളയായ വിശ്വാസം ആർക്കും ഗുണം ചെയ്യുകയില്ല. ഹൃദയപുർവ്വം ദൈവം കൽപിച്ചിട്ടുള്ളത് വിശ്വസിച്ച് അനുസരിക്കുകയാണ് വേണ്ടത്.

# പിശാചിന്റെ ഉപദേഷ്ടാവ്

## ക്ലേം തർമാൻ

പലപ്പോഴും ആളുകൾക്ക് ഇഷ്ടപ്പെടാത്ത ഒന്നാണ് പിശാച്. പിശാചിനെ സേവിക്കുന്ന ആളുകളെയും നമുക്ക് ഇഷ്ടമല്ല. പിശാചിനു വേണ്ടി ആളുകൾ പ്രസംഗിക്കുന്നതിനെ കുറിച്ച് നമുക്ക് ചിന്തിക്കുവാനേ പ്രയാസമാണ്. എന്നാൽ ചിലർ അങ്ങനെ ചെയ്യുന്നു എന്നു ബൈബിൾ പയുമ്പോൾ നാം അത് ശ്രദ്ധിച്ച് മനസിലാക്കണം. "ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രെ. അത് ആശ്ചര്യവുമല്ല, സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലൊ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ വേഷം ധരിച്ചാൽ അതിശയമല്ല. അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്ക് ഒത്തതായിരിക്കും" (2 കൊരിന്ത്യർ 11:13-15). അപ്പോൾ പിശാചിന് ദൂതന്മാരും ശുശ്രൂഷകന്മാരും ഉണ്ടെന്ന കാര്യം സത്യമാണ്. അദൃശ്യമായി സാത്താൻ ആളുകളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ആളുകളുടെ ആത്മാക്കളെ നാശത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു.

പത്ഥ്യവചനത്തിന് വിരുദ്ധമായ പ്രചരണങ്ങൾ നടത്തി ദൈവത്തോടുള്ള ശത്രുത്വം അവൻ അളുകളുടെ ഉള്ളിൽ തെറ്റിദ്ധാരണയും സംശയവും ജനിപ്പിച്ച് നടപ്പാക്കുകയാണ്. അവന്റെ ശുശ്രൂഷക്കാർ പ്രവർത്തിക്കുന്നത് ക്രിസ്തുവിന്റെ ശുശ്രൂഷക്കാർ എന്ന നാട്യത്തിലാണ്. അവരെ തിരിച്ചറിയാത്ത വിധത്തിൽ അവർ എടുത്തിരിക്കുന്ന നാമം ക്രിസ്തുവിന്റേതാണ്. അവർ വാസ്തവത്തിൽ സേവിക്കുന്നത് പിശാചിനെയാണ്. പിശാച് തന്റെ ശുശ്രൂഷക്കാരെ ഉപയോഗിച്ച് പ്രസംഗിപ്പിക്കുകയാണെങ്കിൽ അവന്റെ സന്ദേശം എന്തായിരിക്കും? അത് സാത്താന്റെ ഉദ്ദേശം നിറവേറ്റുന്നതായിരിക്കും, അതേസമയം ആളുകളെ ദൈവത്തിൽ നിന്നും അകറ്റുന്നതിനായിരിക്കും. സാത്താന്റെ ശുശ്രൂഷക്കാരൻ പ്രസംഗിക്കുകയാണെങ്കിൽ അവൻ എന്തായിരിക്കും പ്രസംഗിക്കുക? അവൻ വിഷയമായി തിരഞ്ഞെടുക്കുന്നത് എന്തായിരിക്കും? ബൈബിൾ അധികാരത്തെ അവൻ ദുർബ്ബലപ്പെടുത്തും, വചനത്തോട്

ചിലത് കൂട്ടിച്ചേർക്കുകയും മറ്റു ചിലത് എടുത്തു കളയുകയും ചെയ്യും. തെസ്സലൊനിക്യയിലുള്ളവർ അപ്പൊസ്തലന്മാരുടെ വചനം കേട്ടത് എങ്ങനെയായിരുന്നു എന്ന് പൗലൊസ് എഴുതിയിരിക്കുന്നു: "ഞങ്ങൾ പ്രസംഗിച്ച വചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനം ആയിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവത്തിന്റെ വചനമായിട്ടു തന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ഇടവിടാതെ സ്തുതിക്കുന്നു. വിശ്വസിക്കുന്ന നിങ്ങളിൽ അത് വ്യാപരിച്ചുമിരിക്കുന്നു" (1 തെസ്സലൊനിക്യർ 2:13). ബൈബിൾ മനുഷ്യരാൽ എഴുതപ്പെട്ടതാണെന്നും അതുകൊണ്ട് അത് പൂർണ്ണമല്ല എന്നും വാദിച്ച് അതിനോടൊപ്പം വേറെ ചിലതുകൂടെ വേണമെന്ന് ആളുകളോട് പറഞ്ഞ് ആശയക്കുഴപ്പമുണ്ടാക്കും.

വേറൊരു കാര്യം ആളുകളെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നത്, ലോകത്തിലല്ലേ നിങ്ങൾ ജീവിക്കുന്നത് അതുകൊണ്ട് ലോകം ആസ്വദിക്കുക. ലോകത്തെ സ്നേഹിക്കരുത് എന്നാണ് ദൈവം കൽപിച്ചിരിക്കുന്നത്. പക്ഷെ ലോകത്തിൽ ജീവിക്കുന്ന കാലത്തോളം ലോകത്തിൽ ഇമ്പമായുള്ള പലതും സ്വീകരിച്ച് ജീവിതം ആനന്ദപ്രദമാക്കുകയാണ് വേണ്ടത്. നിങ്ങൾക്ക് ഇഷ്ടമുള്ള സഭയെ തിരഞ്ഞെടുക്കാം. സഭ ഏതായാലെന്താണ്, ഏതെങ്കിലും ഒരു സഭയിൽ നിലനിൽക്കുക. സഭയല്ലല്ലൊ നിങ്ങളെ രക്ഷിക്കുന്നത് ക്രിസ്തുവല്ലേ? പിന്നെ ഒരാഴ്ച്ച ആരാധനക്ക് പോയില്ലെങ്കിലും കുഴപ്പം ഒന്നും സംഭവിക്കുവാനില്ല. ഒരു നല്ല കാര്യത്തിനു വേണ്ടി ഒരു കള്ളം പറഞ്ഞാലും കുഴപ്പമില്ല. കോടതികളിലെല്ലാം ആളുകൾ കള്ളസാക്ഷ്യമല്ലേ പറയുന്നത്? ഇങ്ങനെ പ്രലോഭനങ്ങളുടെ പരമ്പര തന്നെ ആളുകളുടെ ഉള്ളിലേക്ക് കടത്തിവിടും.

കർത്താവ് തന്റെ രക്തം കൊടുത്തു സമ്പാദിച്ചതാണ് സഭ. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ആണ് സഭയോട് ചേർക്കുന്നത് (പ്രവൃത്തികൾ 20:27; പ്രവൃത്തികൾ 2:47). കർത്താവിന് ഒരു സഭ മാത്രമാണുള്ളത് (എഫെസ്യർ 4:4). പിശാച് പ്രചരിപ്പിക്കുന്ന മറ്റൊരു കാര്യം, വിശ്വസിച്ചാൽ മാത്രം മതി, രക്ഷക്ക് നിങ്ങൾ മറ്റൊന്നും ചെയ്യേണ്ട ആവശ്യമില്ല. യേശുക്രിസ്തു നിങ്ങളുടെ പാപങ്ങളെല്ലാം മോചിച്ചുകഴിഞ്ഞു. നിങ്ങൾ വിശ്വസിച്ചുകഴിയുമ്പോൾ അവൻ നിങ്ങളുടെ രക്ഷകർത്താവായി ഹൃദയത്തിലേക്ക് വരും. നിങ്ങൾ അവനെ സ്വീകരിച്ചാൽ മാത്രം മതി. ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ

പിന്നെ നിങ്ങൾ എങ്ങനെ ജീവിച്ചാലും അത് നഷ്ടപ്പെടുകയില്ല എന്നും അവൻ നിങ്ങളെ ധരിപ്പിക്കും. എന്നാൽ ദൈവം പറഞ്ഞിരിക്കുന്നത് സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച് ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ വീണ്ടും അതിൽ കുടുങ്ങി തോറ്റുപോയാൽ അവർ പട്ടിയെ പോലെയും പന്നിയെ പോലെയും ആകും. പിന്നെ അവരെ മാനസാന്തരത്തിലേക്ക് തിരിക്കുവാൻ സാധ്യമല്ല എന്നും മുന്നറിയിച്ചിരിക്കുന്നു (എബ്രായർ 6:4-6). പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണെന്ന് യാക്കോബിന്റെ ലേഖനം നമ്മെ ഓർമ്മിപ്പിക്കുന്നു. പൊള്ളയായ വിശ്വാസം ദൈവസന്നിധിയിൽ നിഷ്പ്രയോജനമത്രെ.

സ്നാനം രക്ഷക്ക് ആവശ്യമില്ല എന്നതും പിശാചിന്റെ പ്രസംഗവിഷയമാണ്. വെള്ളത്തിൽ പോയി മുങ്ങിയാൽ രക്ഷ കിട്ടുമോ എന്നാണ് ചോദിക്കുന്നത്. ഇനി അത്ര നിർബ്ബന്ധമാണെങ്കിൽ ശിശു ആയിരിക്കുമ്പോൾ തന്നെ ഏറ്റുകൊള്ളു. അത് കുറച്ച് വെള്ളം എടുത്ത് തളിച്ചോ കോരി ഒഴിച്ചോ ചെയ്യാവുന്നതാണ്. ഇങ്ങനെ കർത്താവിന്റെ കൽപനയെ അവൻ ദുർബ്ബലമാക്കുകയാണ് ചെയ്യുന്നത്. പലരും സാത്താന്റെ ഉപദേശം ശരിയായിരിക്കും എന്ന ധാരണയിൽ അത് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യും. പക്ഷെ ദൈവം എന്താണ് പറയുന്നത് എന്ന് അവർ ശ്രദ്ധിക്കാതിരുന്നാൽ അവർ വഞ്ചിക്കപ്പെടും എന്ന കാര്യം ഉറപ്പാണ്. കാരണം ദൈവം സത്യവാൻ പിശാച് ഭോഷ്ക്ക് പറയുന്നവനുമാണ്. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കൊസ് 16:16). സ്നാനമോ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നമ്മെ രക്ഷിക്കുന്നു (1 പത്രൊസ് 3:21).

രക്ഷ നിത്യമാണ്, ദൈവത്തിന്റെ പദ്ധതി നിത്യമായിരിക്കയാൽ ഒരിക്കൽ രക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾ സുരക്ഷിതരായി. ഇനി നിങ്ങൾക്ക് എങ്ങനെ വേണമെങ്കിലും ജീവിക്കാം എന്നു പറയുന്നത് പാപത്തെ പ്രോൽസാഹിപ്പിക്കലും ദൈവകോപം വിളിച്ചു വരുത്തുന്നതുമാണ്. മനപ്പൂർവ്വം പാപം ചെയ്താൽ അത്തരം പാപങ്ങൾക്ക് ഇനി ഒരു യാഗവും അവശേഷിക്കുന്നില്ല എന്നതാണ് സത്യം (എബ്രായർ 10:26). തിരുവെഴുത്തിലെ സത്യം ഉൾക്കൊള്ളുക

# സഭയെ കുറിച്ച്

# പൗലൊസിന്റെ വീക്ഷണം

വാൾട്ടർ സ്വെയിൻ

സഭയെ കുറിച്ച് അപ്പൊസ്തലന്മാരെല്ലാം വിവിധ രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് മനസിലാക്കുകയാണെങ്കിൽ നമുക്ക് നിരവധി കാര്യങ്ങൾ സഭയെ കുറിച്ച് ഗ്രഹിക്കുവാൻ കഴിയും. ഈ ലേഖനത്തിൽ നാം അപ്പൊസ്തലനായ പൗലൊസ് എപ്രകാരമാണ് സഭയെ വിശദീകരിക്കുന്നത് എന്നു പരിശോധിക്കാം. ഒരു ക്രിസ്ത്യാനിയായി തീർന്ന ശേഷം അവൻ പ്രസംഗിക്കയും ഉപദേശിക്കുകയും പല സ്ഥലങ്ങളിലും സുവിശേഷം അറിയിച്ചതിന്റെ ഫലമായി സഭ ആരംഭിക്കുകയും ചെയ്തു. ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി തന്റെ ജീവിതം ഉഴിഞ്ഞു വെച്ച വ്യക്തിയായിരുന്നു പൗലൊസ്. നല്ല വിശ്വസ്തനും സത്യസന്ധനുമായ പ്രവർത്തകനായി അവസാനത്തോളം പ്രവർത്തിച്ചു (2 തിമൊഥെയൊസ് 4:6-8). ദൈവശ്വാസിയമായ അവന്റെ എഴുത്തുകൾ നമുക്ക് ഏവർക്കും വളരെ പ്രയോജനം ചെയ്യുന്നതാണ്.

വിസ്തൃതവും മഹത്തരവുമായിട്ടാണ് പൗലൊസ് സഭയെ നോക്കി കണ്ടത് (എഫെസ്യർ 5:27). സഭയെ അവൻ ലോകത്തിന് ഒരു ഉയർന്ന സ്ഥാപനമായിട്ടാണ് കാണിച്ചു കൊടുത്തത്. ആളുകൾ ഏതു വിധേനയും സഭയിൽ പ്രവേശിക്കുന്നതിന് എന്തു കഷ്ടം സഹിക്കുവാനും അവൻ സന്നദ്ധനായിരുന്നു. കർത്താവിന്റെ സഭയിലാണ് പരിജ്ഞാനം ദർശിക്കുവാൻ കഴിയുന്നത് എന്നാണ് പൗലൊസ് വ്യക്തമാക്കിയത് (എഫെസ്യർ 3:21). ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും സഭയിൽ നിറച്ചിരിക്കുന്നതായി പറഞ്ഞിരിക്കുന്നു. ക്രിസ്തു സഭയുടെ തലയായിരിക്കുന്നു എന്നും അവൻ പ്രസ്താവിച്ചിരിക്കുന്നു (എഫെസ്യർ 1:22, 23). ക്രിസ്തുവിന് ഏകശരീരമാണ് ഉള്ളതെന്നും അവൻ രേഖപ്പെടുത്തിയിരിക്കുന്നു (എഫെസ്യർ 4:4). ക്രിസ്തുവിനെ പിൻപറ്റുന്നവർക്കിടയിൽ ഭിന്നത ഉണ്ടാകരുത് എന്ന് പറഞ്ഞതും പൗലൊസ് തന്നെയാണ് (1

കൊരിന്ത്യർ 1:10, 11). സഭയുടെ പ്രവർത്തനം ഒരു ഭൗതിക ശരീരം പ്രവർത്തിക്കുന്നതുപോലെയാണ് എന്നു ഉപമിച്ചിരിക്കുന്നു (1 കൊരിന്ത്യർ 12:12-31). ശരീരത്തിലെ ഓരോ അവയവവും യുക്തമായി ചേർന്നു പ്രവർത്തിക്കുന്നതുപോലെ സഭയിലെ അംഗങ്ങൾ ഓരോരുത്തരും പ്രവർത്തിക്കണം എന്നതാണ് വിവിക്ഷ.

സഭയിലെ അംഗങ്ങൾക്ക് എല്ലാം ദൈവം താലന്തുകൾ നൽകിയിരിക്കുന്നത് സഭയുടെ പൊതുവായ വളർച്ചക്കായി ഉപയോഗിക്കുന്നതിനാണ്. സഭയെ ഭൂമിയിലെ ദൈവരാജ്യമായിട്ടും പൗലൊസിന് കാണുവാൻ കഴിഞ്ഞു. അതായത് ദൈവത്താൽ ഭരിക്കപ്പെടുന്ന പ്രജകളാണ് സഭയിലുള്ളത് എന്നർത്ഥം. അംഗങ്ങൾക്കെല്ലാം തുല്യ പ്രാധാന്യമാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത്. ആരും ആരേക്കാളും കുറഞ്ഞവരോ ഉയർന്നവരോ അല്ല. കൊലൊസ്യ സഭയ്ക്ക് പൗലൊസ് ലേഖനം എഴുതിയപ്പോൾ അവരെ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു എന്നാണ് പറഞ്ഞത് (കൊലൊസ്യർ 1:13). ക്രിസ്തുവിനായി വിവാഹനിശ്ചയം ചെയ്ത നിർമ്മല കന്യകയായിട്ടാണ് അവൻ ഉപമിച്ചത്. കർത്താവ് വീണ്ടും വരുമ്പോൾ ക്രിസ്തുവിന്റെ രാജ്യമായ സഭയെ കർത്താവ് പിതാവിന് തിരിച്ച് ഏൽപിക്കുമെന്നും പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നു (1 കൊരിന്ത്യർ 15:23, 24).

ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനമായ സത്യത്തെ മുറുകെ പിടിക്കുന്നവരും അത് പ്രഖ്യാപിക്കുന്നവരുമാണ് സഭയെന്ന കാര്യവും പൗലൊസ് തുറന്നു പറഞ്ഞിരിക്കുന്നു (എഫെസ്യർ 3:9-11; 1 തിമൊഥെയൊസ് 3:15). വചനം പ്രസംഗിക്കയും ദുരുപദേശത്തെ ചെറുക്കുകയുമാണ് സഭയുടെ ദൗത്യം സുവിശേഷ സത്യത്തെ മുറുകെ പിടിച്ച് വിശ്വാസത്തിനായി പോരാടി ജീവിക്കേണ്ടവരാണ് സഭയിലുള്ളവർ. എല്ലാറ്റിലും സഭ ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കേണം. സഭയുടെ മാഹാത്മ്യത്തെ ലോകം കുറച്ചുകാണുന്നത് ഖേദകരമാണ്. സഭ ക്രിസ്തുവിന്റേതാണ്. ക്രിസ്തു സഭയെ കറയും കോട്ടവുമില്ലാതെ നിലനിർത്തുവാനാണ് ആഗ്രഹിക്കുന്നത്. വിശ്വാസത്തിലും ആരാധനയിലും ക്രിസ്തുവിനെ അനുഗമിക്കണം

# Watch!

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!